പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 303 — 25/04/2017-ൽ മറുപടിക്ക്

## വ്യാജ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി. എ. അഹമ്മദ് കബീർ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) വ്യാജ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങൾ ഉപയോഗിച്ച് ചർമ്മരോഗം ബാധിച്ച എത്ര സംഭവങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനിടെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; | എ) വ്യാജ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങൾ ഉപയോഗിച്ച് ചർമ്മരോഗം ബാധിച്ചത് സംബന്ധിച്ച പരാതികൾ ഒന്നും തന്നെ കഴിഞ്ഞ ഒരുവർഷ കാലയളവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| ബി) ഡ്രഗ്സ് കൺട്രോൾ വിഭാഗം ഇത്തരം വ്യാജ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനെതിരെ ഇക്കാലയളവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) കോസ്മെറ്റിക്സ് വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച്, മതിയായ രേഖകളില്ലാതെ സൗന്ദര്യവർദ്ധക വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും മിസ്ബ്രാൻഡഡ് ആയ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും നിയമം അനുശാസിക്കുന്ന നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പതിനൊന്ന് സ്ഥാപനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) ഈ കേസുകളിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ? | സി) പ്രസ്തുത കേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ